LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 28, ചൊവ്വ

നിയമസഭ 2010 ഡിസംബർ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151

വിവരാവകാശ നിയമം

1 (*151) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നൽകുന്നതിനായി സർക്കാർ വകുപ്പുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ ;

(സി) വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ) വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നൽകേണ്ടതാണെന്ന് നിയമത്തിൽത്തന്നെ നിഷ്ക്കർഷിച്ചിട്ടുണ്ട്. അതിലേക്കായി സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് ഓഫീസർ എന്നിവരെ സ്ഥാനനിർദ്ദേശം ചെയ്യണമെന്നും അപേക്ഷകൾ കൈകാര്യം ചെയ്യേണ്ട രീതിയെ സംബന്ധിച്ചും സമയക്ലിപ്തത പാലിക്കുന്നതു സംബന്ധിച്ചും വിവരങ്ങൾ വെബ്സൈറ്റുകളിൽ നൽകുന്നതു സംബന്ധിച്ചും രേഖകളും പ്രമാണങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നത് സംബന്ധിച്ചും നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു കൂടാതെ സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പൊതു അധികാര സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ആവശ്യകതയനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ് (ഐ. എം. ജി.) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

(സി) 214 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര നിയമമായ വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് നടപടിയെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. നിയമത്തിൻ കീഴിൽ ലഭ്യമായ അവകാശങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപ ങ്ങളൊന്നും സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ സർക്കാർ ഇക്കാര്യം പരിഗണിച്ചിട്ടുമില്ല.

പ്രൊഫ. സി. രവീന്ദ്രനാഥിനുവേണ്ടി ശ്രീ. ബി. ഡി. ദേവസ്സി : സർ, വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളിൽ ഈ നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവ നടപ്പാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, കേന്ദ്ര-സംസ്ഥാന സർക്കാരു കളുടെയും മറ്റ് പൊതു അധികാരസ്ഥാനങ്ങളുടെയും അധികാരനിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കുക, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം നൽകുക, പൊതുജനങ്ങൾക്കാവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് 21-6-2005 മുതൽ കേന്ദ്ര നിയമമായ വിവരാവകാശ നിയമം നടപ്പിലാക്കിത്തുടങ്ങിയത്. 2005-ലെ വിവരാവകാശ നിയമത്തിൽത്തന്നെ വിവരങ്ങളും രേഖകളും നൽകുന്നതിന് കൃത്യമായ സമയപരിധി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമായില്ലെങ്കിൽ വിവരാവകാശ കമ്മീഷന് ഒന്നാം അപ്പീലും രണ്ടാം അപ്പീലും നൽകാൻ വ്യവസ്ഥയുണ്ട്. നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയക്ലിപ്തത പാലിക്കാതെ കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിച്ചാൽ വിവരാവകാശ കമ്മീഷന് ഇക്കാര്യം അപ്പീലിൽ പരിശോധിക്കാവുന്നതും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം പിഴ ഈടാക്കാനും അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും അധികാരമുണ്ട്. ഈ സാഹചര്യത്തിൽ വിവരങ്ങൾ നൽകുന്നതിന് അതത് വകുപ്പുകളിൽ സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ കാലതാമസം സൃഷ്ടിച്ചാൽ വ്യക്തിപരമായ ബാധ്യതയും ശിക്ഷയും നേരിടേണ്ടിവരുമെന്നതിനാൽ സ്വാഭാവികമായും കാലതാമസമുണ്ടാകാൻ ഇടയില്ല. എന്നിരുന്നാലും വിവരാവകാശ നിയമത്തിൽ നിഷ്ക്കർഷിക്കും പ്രകാരം സമയക്ലിപ്തത പാലിച്ചുകൊണ്ട് വിവരങ്ങൾ കൃത്യമായി നൽകുന്നതിന് ആവശ്യമായ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അപ്പീൽ അധികാരികൾ എന്നിവരെ സ്ഥാനനിർണ്ണയം ചെയ്യണമെന്നും ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് സർക്കാർതലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പാലിക്കാൻ സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഅധികാര സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ്.

ശ്രീ. ബി. ഡി. ദേവസ്സി : സർ, നടപടിക്രമങ്ങൾ സുതാര്യമാക്കാനും വെട്ടിപ്പുകളും തട്ടിപ്പുകളും പുറത്തുകൊണ്ടുവരുന്നതിനുംവേണ്ടി പൊതുജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് വിവരാവകാശ നിയമം. എന്നാൽ ഇതിനെ ദുരുപയോഗം ചെയ്യുന്ന ചിലരുണ്ട്. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട കക്ഷികളെ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനുവേണ്ടി ചില റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, 2005-ലെ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐ. എം. ജി. എന്ന സ്ഥാപനം ആവശ്യമായ പരിശീലനം നൽകിവരുന്നു.

മി. സ്പീക്കർ : ഇതുമായി ബന്ധപ്പെട്ട് ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയുന്നത്.

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, ഇതുമായി ബന്ധപ്പെട്ട റാക്കറ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചൊന്നും സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. വി. എൻ. വാസവനുവേണ്ടി ശ്രീ. എ. പ്രദീപ് കുമാർ : സർ, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ നൽകുന്നതിനുള്ള ഫീസും അതിന്റെ ചെലവുകളുമൊക്കെ ഒഴിവാക്കാൻവേണ്ടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെക്കൊണ്ട് അപേക്ഷ കൊടുപ്പിക്കുന്ന ഒരു രീതിയുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങനെ അധാർമ്മികമായ നിലയിൽ ചെയ്യുന്നതിനെ പ്രതിരോധിക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, അങ്ങനെയുള്ള കാര്യങ്ങളൊന്നും ഇതുവരെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർക്കെങ്കിലും ശ്രദ്ധയിൽപ്പെടുത്തണമെന്നുണ്ടെങ്കിൽ തുടർന്ന് ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, അറിയാനുള്ള അവകാശം സംരക്ഷിക്കപ്പെടുന്നത് ജനാധിപത്യത്തിന് ഏറ്റവും അത്യാവശ്യമായിട്ടുള്ള കാര്യമാണ്. ഈ നിയമം വന്നതിനുശേഷം സർക്കാർ ഓഫീസുകളിലും മറ്റുമുള്ള അഴിമതികളിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ ; ഏതെങ്കിലും തരത്തിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗുണമുണ്ടായിട്ടുണ്ടോ എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, ഈ നിയമം അഴിമതി ഒരുപരിധിവരെ കുറയ്ക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി : സർ, പുതിയതായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് വിവരാവകാശ നിയമത്തെ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു അവബോധമുണ്ടാക്കാനുള്ള പരിശീലനം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, പരിശീലനം കൊടുക്കുന്നതിനു വേണ്ടി ഐ. എം. ജി.യെപ്പോലെയുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ അതിന്റെ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. തക്കസമയത്തു തന്നെ അവർ അതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല കഹാർ : സർ, സ്റ്റേറ്റ് ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് ഇൻഫർമേഷൻ ആഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നിവരെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ സ്ഥാപനങ്ങളിലും സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലുമെല്ലാം പ്രദർശിപ്പിക്കേണ്ടതാണെന്ന് പറയുന്നുണ്ട്. എന്നാൽ മിക്ക സർക്കാർ വിദ്യാലയങ്ങളിലും അതുപോലെ എയ്ഡഡ് കോളേജ് ഉൾപ്പെടെയുള്ള കലാലയങ്ങളിലും ഇത് പ്രദർശിപ്പിച്ചിട്ടില്ല. അതോടൊപ്പംതന്നെ എല്ലാ സർക്കാർ വകുപ്പുകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും വെബ്സൈറ്റുകളിൽ വിവരാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കണമെന്ന് സർക്കാർ ആവശ്യപ്പെടുമോ ?

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, കണിശമായിട്ടും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. എം. എം. മോനായി : സർ, അംഗങ്ങൾക്കായി ഇന്നലെ വിതരണം ചെയ്യപ്പെട്ട സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷന്റെ ആനുവൽ റിപ്പോർട്ടിൽ പല ആഫീസുകളിലും സ്റ്റേറ്റ് അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസർമാരെ നിയമിച്ചിട്ടില്ലെന്നും കൃത്യമായിത്തന്നെ എല്ലാ അപേക്ഷകളിലും തീർപ്പ്കൽപ്പിക്കുന്നതായി കാണുന്നില്ലെന്നും പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ് അച്ചുതാനന്ദൻ : സർ, ഈ കമ്മീഷന്റെ കാര്യത്തെ സംബന്ധിച്ച് തീരുമാനങ്ങളെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. എന്നിരുന്നാലും സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുന്ന കാര്യങ്ങളിൽ വിശദമായ പരിശോധന നടത്തി ആവശ്യമായ നടപടിയെടുക്കുന്നതായിരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ സമൂഹത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടിയാണ് വിവരാവകാശ നിയമത്തിന് തന്നെ രൂപം നൽകിയിട്ടുള്ളത്. അങ്ങനെയുള്ള ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമമനുസരിച്ച് ജനങ്ങൾ വിവരത്തിനുവേണ്ടി പല ഡിപ്പാർട്ടുമെന്റുകളെ സമീപിക്കുമ്പോൾ കൊടുക്കാതെ ഇൻഫർമേഷൻ ഓഫീസറാണ് ഇത് കൊടുക്കേണ്ടത് എന്ന് അവർ പറയും. ഉദാഹരണത്തിന് പി.ഡബ്ല്യു.ഡി.യിൽ വിവരാവകാശ നിയമമനുസരിച്ച് പല ഡീറ്റെയിൽസ് ചോദിക്കുമ്പോൾ ഞങ്ങളുടെ ഓഫീസല്ല മറ്റ് സ്ഥലങ്ങളിലാണ് കൊടുക്കേണ്ടത് എന്ന് ഒഴിവുകഴിവ് പറഞ്ഞ് ഈ നിയമത്തെ മാറ്റിമറിച്ചുകൊണ്ട് പോകുന്നതിനു വേണ്ടിയുള്ള ഒരു പരിശ്രമം നടക്കുന്നുണ്ട്. അതുകൊണ്ട് ദയവായി ഇതു പോലുള്ളൊരു നടപടി നമ്മുടെ സംസ്ഥാനത്ത് ഇനി ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നിർദ്ദേശങ്ങൾ അങ്ങ് നൽകുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അത്തരം പ്രത്യേക പ്രശ്നങ്ങൾ തക്ക സമയത്ത് തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, വിവിധ ഓഫീസുകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച മേധാവികളെ പരിചയപ്പെടുത്തുന്ന കൂട്ടത്തിൽ വിവരാവകാശ നിയമമനുസരിച്ച് ആർക്കാണ് ഇൻഫർമേഷനുവേണ്ടി അപേക്ഷിക്കേണ്ടത് എന്നത് സാമാന്യ ജനങ്ങൾക്ക് മനസ്സിലാകുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഡിപ്പാർട്ടുമെന്റുകളിൽ ഇതുസംബന്ധിച്ച വിവരങ്ങൾ പബ്ലിഷ് ചെയ്യുന്നതിന്റെ കൂടെ അവിടത്തെ ഇൻഫർമേഷൻ ഓഫീസറുടെ പേരുകൂടി പബ്ലിഷ് ചെയ്യുന്നതിന് ആവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർമാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് നൽകുന്ന ഉത്തരങ്ങൾ പത്രത്തിൽ അച്ചടിച്ചുവരുമ്പോൾ ഇതുവരെ കാര്യങ്ങൾ മനസ്സിലാക്കാത്ത പൊതുജനങ്ങൾക്ക് അത് കൂടുതൽ മനസ്സിലാക്കാൻ അവസരം ലഭിക്കും.

മി. സ്പീക്കർ : ഇന്നത്തെ ചോദ്യോത്തരം പൊതുജനങ്ങൾക്ക് സഹായകരമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, സർക്കാരിന്റെ പക്കലുള്ള പൊതുപ്രാധാന്യമുള്ള വിവരങ്ങൾ എല്ലാം തന്നെ പൊതുജനത്തിന് എളുപ്പത്തിൽ ലഭ്യമാകുന്ന വിധത്തിൽ പ്രസിദ്ധീകരിക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്യണമെന്നൊരു വ്യവസ്ഥ വിവരാവകാശ നിയമത്തിലുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അതിനുള്ള നടപടിയെല്ലാം തക്ക സമയത്ത് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. എം. ആരിഫ് : സർ, വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുമ്പോൾ അതിന് നിശ്ചിത സമയത്തിനുള്ളിലെങ്കിലും മറുപടി ലഭിക്കുന്നുണ്ട്. മറുപടി വൈകിയാൽ അതിന് എന്തെങ്കിലും ഒരു കാരണം അവർ അറിയിക്കാറുമുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സഭാംഗങ്ങളുടെ ഒരു പ്രശ്നമാണ് ഉന്നയിക്കുന്നത്. സഭയിൽ അങ്ങേയ്ക്ക് എഴുതി തന്നിട്ടുണ്ട്, എല്ലാവർക്കും അറിയാവുന്നതുമാണ്. സഭാംഗങ്ങൾ ചോദിക്കുന്ന നിയമസഭാ ചോദ്യങ്ങൾക്കു പോലും സമയത്ത് മറുപടി ലഭിക്കുന്നില്ല. ഒരു തീരുമാനമെടുത്താൽ മാസങ്ങൾ കഴിഞ്ഞാണ് ചിലപ്പോൾ അതിനെക്കുറിച്ച് അങ്ങേയ്ക്ക് അറിവ് ലഭിക്കുന്നത്. വിവരാവകാശ കമ്മീഷന്റെ നിയമത്തിന്റെ പരിധിയിൽ ലഭിക്കുന്ന പരിഗണന പോലും സഭാംഗങ്ങൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് കൃത്യമായി നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ഇപ്പോൾ നമ്മൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത് വിവരാവകാശ നിയമത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് പല പ്രാവശ്യം ചർച്ച നടത്തിയിട്ടുള്ളതാണ്.

മി. സ്പീക്കർ : എല്ലാ വിഷയങ്ങളും ഇപ്പോൾ തന്നെ ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു : സർ, നിയമസഭാ നടപടികൾ ലഭ്യമാക്കണമെന്ന് വിവരാവകാശ കമ്മീഷൻ ആവശ്യപ്പെട്ടതായി വാർത്തകളുണ്ടായിരുന്നു. ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ് ; നിയമസഭയ്ക്കുള്ള ഇമ്മ്യൂണിറ്റി നിലനിർത്തുന്ന കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും വ്യത്യസ്തമായ നിലപാടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യങ്ങൾക്കും അവരുടെ അഭിപ്രായങ്ങൾക്കുമെല്ലാം തന്നെ വേണ്ടത്ര പരിഗണന നൽകിക്കൊണ്ടുള്ള നടപടിക്രമങ്ങളാണ് തുടർന്നുകൊണ്ടിരിക്കുന്നത്.

പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ വംശവർദ്ധന

2(*152) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;